SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

**നം: ഡിഎസ്1/1765/24/യോഗ/സ്കോൾ-കേരള** തീയതി : 05.06.2025

## സ്കോൾ-കേരള-ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് - മൂന്നാം ബാച്ച് (2025 - 2026) പ്രവേശന വിജ്ഞാപനം

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയം ഭരണ സ്ഥാപനമായ സ്കോൾ-കേരളയിൽ നാഷണൽ ആയുഷ്മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| പ്രവേശന യോഗ്യത | - | ഹയർസെക്കണ്ടറി/തത്തുല്യകോഴ്സിലെ വിജയം |
| പ്രായപരിധി | - | 17 വയസ് മുതൽ 50 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുക.) |
| പഠനമാധ്യമം | - | മലയാളം |
| പഠന രീതി | - | ബ്ലെൻഡഡ് മോഡ് (ഓൺലൈൻ/ഓഫ്ലൈൻ) |
| കോഴ്സ് കാലാവധി | - | 1 വർഷം (440 മണിക്കൂർ) |
| **ഫീസ് ഘടന** | | |
| കോഴ്സ് ഫീസ് | - | 12000/- |
| പ്രവേശന ഫീസ് | - | 500/- |
| ആകെ | - | 12,500/- |

കോഴ്സ് ഫീസ് ഒറ്റത്തവണയായോ രണ്ട് തവണകളായോ ഒടുക്കാവുന്നതാണ്. കോഴ്സ് ഫീസിന്റെ 50% (6000 + 500) പ്രവേശന സമയത്തും, രണ്ടാം ഗഡു 50% ഹാജർ പൂർത്തിയാക്കുന്നതിന് മുമ്പും (6000/- രൂപ) ഒടുക്കേണ്ടതാണ്.

**09.06.2025** മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴകൂടാതെ **16.07.2025** വരെയും 100/- രൂപ പിഴയോടെ **27.07.2025** വരെയും ഫീസ് അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ രണ്ട് ഘട്ടങ്ങളായിട്ടാണ് പൂർത്തിയാക്കേണ്ടത്. വെബ്സൈറ്റ് മുഖേന ഓൺലൈൻ പേയ്മെന്റ് മോഡ് വഴി ഫീസ് അടയ്ക്കേണ്ടതാണ്. ഒരു ബാച്ചിൽ 30 വിദ്യാർഥികൾക്കാണ് പ്രവേശനം അനുവദിക്കുക. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷാഫാറം, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഫീസ് അടച്ച ഒറിജിനൽ ചെലാൻ എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടത്.

ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ടു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിലോ സ്കോൾ-കേരളയുടെ അതാത് ജില്ലാ കേന്ദ്രങ്ങളിലോ നേരിട്ട് എത്തിക്കേണ്ടതും അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയക്കാവുന്നതുമാണ്. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA • SCOLE-KERALA • Vidhya Bhavan Poojappura Thiruvananthapurm 695012

**എക്സിക്യൂട്ടീവ് ഡയറക്ടർ**

C5/Scole/Ds1/lr.107

SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

**നം: ഡിഎസ്1/1765/25/യോഗ/സ്കോൾ-കേരള** തീയതി : 06.06..2025

# സർക്കുലർ

**സ്കോൾ-കേരള - ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് - മൂന്നാം ബാച്ച് (2025-26) പ്രവേശനം - മാർഗ്ഗ നിർദേശങ്ങൾ - സംബന്ധിച്ച്**

സ്കോൾ-കേരള - ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് - 2025-26 മൂന്നാം ബാച്ച് പ്രവേശന വിജ്ഞാപനം **05.06.2025-ൽ** പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 09.06.2025 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. വിശദവിവരങ്ങൾ പ്രവേശന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ**

1. അപേക്ഷകൾ സംസ്ഥാന/ജില്ലാ ഓഫീസുകളിൽ നേരിട്ടും, സ്പീഡ്/രജിസ്റ്റേർഡ് തപാൽ മാർഗ്ഗവും സ്വീകരിക്കേണ്ടതാണ്.
2. വിജ്ഞാപനത്തിലും കൈപ്പുസ്തകത്തിലും നിർദേശിച്ചിട്ടുള്ള രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രം അപേക്ഷ സ്വീകരിക്കേണ്ടതാണ്.
3. നേരിട്ടും തപാൽ മാർഗ്ഗവും ലഭിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ Add Byhand Application details /Add Thapal Application details എന്ന ലിങ്കിലൂടെ അതത് ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്.
4. നേരിട്ട് ലഭിക്കുന്ന അപേക്ഷകൾക്ക് വിശദാംശങ്ങൾ രേഖപ്പെടുത്തിയ പ്രകാരം ലഭിക്കുന്ന ഓൺലൈൻ രസീതിന്റെ പ്രിന്റൗട്ടിൽ ബന്ധപ്പെട്ട ജീവനക്കാർ കൈയ്യൊപ്പ്, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി അപേക്ഷകന് നൽകേണ്ടതാണ്.
5. സംസ്ഥാന ഓഫീസിൽ തപാൽ സെക്ഷനിൽ സ്പീഡ്/രജിസ്റ്റേഡ്, മറ്റ് തപാൽ മാർഗ്ഗം ലഭിക്കുന്ന അപേക്ഷകളുടെ കവറിന് മുകളിലുള്ള ബാർകോഡ് നമ്പർ നിർദിഷ്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം അപേക്ഷകൾ ഡിഎസ്1 സെക്ഷന് രേഖാമൂലം കൈമാറേണ്ടതാണ്.
6. ജില്ലാകേന്ദ്രത്തിൽ സ്വീകരിക്കുന്ന അപേക്ഷകൾ പരമാവധി **ഒരാഴ്ചക്കുള്ളിൽ** സംസ്ഥാന ഓഫീസിലേക്ക് അയച്ച് തരേണ്ടതാണ്.

**പ്രവേശനത്തിന് ഹാജരാക്കേണ്ട രേഖകൾ**

- ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ട് (പ്രിന്റ് ഔട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം).
- ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ സഹിതം സമർപ്പിക്കുക.
- എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
- ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഹയർസെക്കണ്ടറി/തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**വെരിഫിക്കേഷൻ ജോലികൾക്കുള്ള നിർദേശങ്ങൾ**

- വെരിഫിക്കേഷൻ ഫീൽഡിൽ പ്രവേശിക്കുന്നതിനായി സെക്ഷന് അനുവദിച്ചു നൽകിയിട്ടുള്ള രഹസ്യ User Name, Password എന്നിവ ഉപയോഗിച്ച് വെരിഫിക്കേഷൻ ഫീൽഡിൽ പ്രവേശിക്കേണ്ടതാണ്.
- അപേക്ഷയിലെ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള എല്ലാ രേഖകളും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ √ മാർക്ക് ചെയ്ത് അക്സപ്റ്റ് ചെയ്യണം.

- നേരിട്ട് ലഭിക്കുന്ന അപൂർണ്ണമായ അപേക്ഷകൾ ന്യൂനതകൾ പരിഹരിക്കുന്നതിന് നിശ്ചിത സമയപരിധി നൽകി മടക്കി നൽകേണ്ടതും തപാൽ വഴി ലഭിക്കുന്നവ മെമ്മോ സഹിതം വിദ്യാർഥിയുടെ മേൽവിലാസത്തിൽ മടക്കി അയക്കേണ്ടതുമാണ്.
- നിർദിഷ്ട യോഗ്യത ഇല്ലാത്ത അപേക്ഷകൾ കാരണം വ്യക്തമാക്കി രേഖാമൂലം നിരസിച്ച് മടക്കി അയയ്ക്കേണ്ടതാണ്.
- അപേക്ഷയുടെ പ്രിന്റ് ഔട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ഫീസ് അടച്ച അസ്സൽ ചെലാനിലെ വിശദാംശങ്ങൾ (വിദ്യാർഥിയുടെ പേര് , എസ്.എസ്.എൽ.സി രജിസറ്റർ നമ്പർ), വിദ്യാർഥി രേഖപ്പെടുത്തിയത് അസൽ ചെലാനുമായി ഒത്ത്നോക്കി ഉറപ്പ് വരുത്തേണ്ടതാണ്.
- എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റ് പരിശോധിച്ച് പ്രവേശന വിജ്ഞാപന പ്രകാരമുള്ള പ്രായപരിധി (17 വയസ് മുതൽ 50 വയസ് വരെ) ഉറപ്പ് വരുത്തേണ്ടതാണ്. പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കേണ്ടത്.
- ഹയർസെക്കണ്ടറി/തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉപരിപഠന യോഗ്യത നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിഗത വിവരങ്ങൾ എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കറ്റ്, ഹയർ സെക്കണ്ടറി/തത്തുല്യ സർട്ടിഫിക്കറ്റ് എന്നിവയുമായി ഒത്തു നോക്കി ഉറപ്പ് വരുത്തേണ്ടതാണ്.
- അപേക്ഷയോടൊപ്പം ഹാജരാക്കിയിച്ചുള്ള അവശ്യരേഖകൾ ഒത്തു നോക്കി ആവശ്യമെങ്കിൽ അപേക്ഷ എഡിറ്റ് ചെയ്തശേഷം മാത്രം അക്സപ്റ്റ് ചെയ്യേണ്ടതാണ്.
- സെക്ഷനിൽ വിവിധ മാർഗ്ഗത്തിലൂടെ ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണവും accept ചെയ്ത അപേക്ഷകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- സെക്ഷനുകളിൽ ലഭിച്ച എല്ലാ അപേക്ഷകളും accept ചെയ്ത ശേഷം വിദ്യാർഥികൾക്ക് അഡ്മിഷൻ നമ്പർ, പഠനകേന്ദ്രം, തിരിച്ചറിയൽ കാർഡ് എന്നിവ അനുവദിക്കും.

**രേഖാമൂലമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അല്ലാതെ രജിസ്ട്രേഷൻ നടപടി ക്രമങ്ങളിൽ സെക്ഷൻ ഏതൊരുവിധമാറ്റവും വരുത്തുവാൻ പാടില്ല. ഏതെങ്കിലും വിഷയത്തിൽ കുടുതൽ വ്യക്തത ആവശ്യമാണെങ്കിൽ അതിൽ വ്യക്തത തേടി ലഭിക്കുന്ന അനുമതിക്കനുസൃതമായി മാത്രം നടപടി സ്വീകരിക്കേണ്ടതാണ്.**

മേൽ ചേർത്ത പ്രകാരം ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് മൂന്നാം ബാച്ച് (2025-26) പ്രവേശനം ക്രമീകരിക്കേണ്ടതാണ്.

**സെക്രട്ടറി**

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA

സ്വീകർത്താവ് :

എല്ലാ ജില്ലാ കോഡിനേറ്റർമാർ

പകർപ്പ് :

സെക്രട്ടറി
ഡയറക്ടർമാർ
അക്കാദമിക് അസോസിയേറ്റുമാർ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ
ഐ ടി കൺസൽട്ടന്റ്
തപാൽ സെക്ഷൻ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ